**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1382** **03-02-2026 - ൽ മറുപടിയ്ക്ക്**

**കുട്ടനാടൻ കായൽ ടൂറിസം അഭിവൃദ്ധിപെടുത്താൻ കൂടുതൽ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിന്റെ അഭിമാനമായ കുട്ടനാടൻ കായൽ ടൂറിസം അഭിവൃദ്ധിപ്പെടുത്തുവാൻ കൂടുതൽ നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | കുട്ടനാടൻ-അപ്പർ കുട്ടനാടൻ മേഖലയിൽ ടൂറിസം വികസനത്തിനായി വിവിധ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. കായൽ ടൂറിസത്തെ പരിപോഷിപ്പിക്കുന്നതിനുള്ള പദ്ധതികളാണ് നടപ്പിലാക്കുന്നത്. |
| (ബി) | ഹൗസ് ബോട്ടുകളിലെ ശുചിമുറിമാലിന്യം ശാസ്ത്രീയമായി സംസ്കരിക്കുന്നതിന് എന്തൊക്കെ നൂതന നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ? | (ബി) | കായൽ ടൂറിസം നേരിടുന്ന പ്രധാന വെല്ലുവിളികളിൽ ഒന്നാണ് ഹൗസ് ബോട്ടുകളിൽ നിന്നുള്ള ശുചിമുറി മാലിന്യസംസ്കരണം. ദൈനംദിനം വർദ്ധിച്ചു വരുന്ന ഹൗസ് ബോട്ടുകളിൽ നിന്നുള്ള മാലിന്യം സംസ്കരിക്കുന്നതിന് H ബ്ലോക്കിലേയും വട്ടക്കായലിലെയും STP പ്ലാന്റുകൾ പ്രവർത്തനക്ഷമമാക്കുന്നതിന് ടൂറിസം വകുപ്പ് നടപടികൾ സ്വീകരിച്ച് വരുന്നു.<br><br>വട്ടക്കായലിൽ 100 KLD കപ്പാസിറ്റി വരുന്ന പുതിയ STP നിർമ്മിക്കുന്നതിനുള്ള, DSR 2021 റേറ്റ് അനുസരിച്ച്, Kerala Water Authority തയ്യാറാക്കിയ 7 കോടി 33 ലക്ഷം രൂപ വരുന്ന വിശദമായ എസ്റ്റിമേറ്റ്, DPR എന്നിവ പരിശോധിച്ച് വരുന്നു.<br><br>ഇരുമ്പനം പാടശേഖരത്ത് വിഭാവനം ചെയ്തിരിക്കുന്ന സ്വകാര്യ STP യ്ക്ക് അംഗീകാരം നൽകുന്നതിനുള്ള നടപടികളും പുരോഗമിക്കുന്നു. ആലപ്പുഴ ജില്ലയിൽ കണ്ടെയ്നർ മോഡൽ മൊബൈൽ STP നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നു. 07.10.2025 - ന് നടന്ന ജില്ലാ ശുചിത്വ മിഷൻ സ്റ്റേറ്റ് ലെവൽ TS കമ്മിറ്റി മീറ്റിംഗിൽ കൈക്കൊണ്ട തീരുമാനപ്രകാരം ഭൗമ എൻവിറോടെക് സമർപ്പിച്ച മാറ്റങ്ങൾ വരുത്തിയ 50 KLD കപ്പാസിറ്റി വരുന്ന STP - യുടെ DPR, തുടർ നടപടികൾക്കായി ജില്ലാ ശുചിത്വ മിഷൻ മുൻപാകെ സമർപ്പിച്ചിട്ടുണ്ട്.<br><br>ആലപ്പുഴ ജില്ലയിലെ ഹൗസ് ബോട്ടുകളിൽ നിന്നുള്ള ശുചിമുറി മാലിന്യം ശേഖരിച്ച് STP - യിൽ കൊണ്ട് |

| | | | |
|---|---|---|---|
| | | | പോയി നിർമ്മാർജ്ജനം ചെയ്യുന്നതിന് DTPC - യ്ക്ക് സ്വന്തമായി 15 m3 കപ്പാസിറ്റി വരുന്ന ഒരു ബാർജ് സംവിധാനം നടപ്പിലാക്കുന്നതിന് 19.05.2025 ന് 97,29,000/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 19.07.2025 ന് M/s KSINC - യ്ക്ക് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. ടൂറിസം വകുപ്പ് 10.10.2025 - ന് ഏജൻസിയുമായി മാസ്റ്റർ എഗ്രിമെന്റ് ഒപ്പിട്ടിട്ടുള്ളതും, 05.12.2025 - ന് മൊബിലൈസേഷൻ അഡ്വാൻസ് ഓർഡർ നല്കിയിട്ടുള്ളതുമാണ്. M/s KSINC മുഖേന തുടർ നടപടികൾ പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ